(ജി) തെരുവ് സർവ്വേ നടത്തുന്നതിന് അധികാര പരിധിയിലുള്ള വില്പന നികുതി ഓഫീസറന്മാരും ഇൻസ്പെക്ടർമാരുമാണ്. ടി ഉദ്യോഗസ്ഥർ മറ്റു ജോലികൾക്കൊപ്പമാണ് തെരുവു സർവ്വേ നടത്തുന്നതും രജിസ്ട്രേഷൻ എടുക്കാതെ കച്ചവടം നടത്തുന്ന വ്യാപാരികളെ കണ്ടുപിടിച്ച് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതും. കൂടാതെ ഇന്റലിജൻസ് വിഭാഗവും തെരുവു സർവ്വേ നടത്താറുണ്ട്. ഈ ജോലിയിൽനിന്നും ആരേയും ഒഴിവാക്കിയിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി സെക്യൂരിറ്റിയായി നല്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്

15 (2468) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി രജിസ്ട്രേഷൻ, മണി ലെൻഡിംഗ് ലൈസൻസ് എന്നിവ ലഭിക്കുന്നതിനുവേണ്ടി സെക്യൂരിറ്റിയായി നൽകുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസിൽ പണയപ്പെടുത്തുന്നതിനു പകരം പ്രസ്തുത സർട്ടിഫിക്കറ്റ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ടവർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്രകാരം പണയപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് കാലാവധി പൂർത്തിയാക്കി തിരിച്ചു വാങ്ങാൻ ചെല്ലുമ്പോൾ അതിന് പല ആഫീസുകളിലും കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വില്പന നികുതി രജിസ്ട്രേഷൻ, മണി ലെൻഡിംഗ് ലൈസൻസ് എന്നിവ ലഭിക്കുന്നതിനുവേണ്ടി സെക്യൂരിറ്റി ഒടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട നികുതി നിർണ്ണയാധികാരിയുടെ മുമ്പിൽ പണയപ്പെടുത്തുകയും ആയത് ടി നികുതി നിർണ്ണയാധികാരി സുരക്ഷിതമായി സൂക്ഷിക്കുകയുമാണ് ചെയ്തുപോരുന്നത്. അതുപോലെ മണി ലെൻഡിംഗ് ലൈസൻസിനുവേണ്ടി ഹാജരാക്കുന്ന സെക്യൂരിറ്റി ട്രഷറി ഡിപ്പോസിറ്റ് ആയിരിക്കേണ്ടതും ആയത് ലൈസൻസിംഗ് അതോറിറ്റി സൂക്ഷിക്കുന്നതുമാകുന്നു. മേൽപ്രഞ്ഞ ട്രഷറി ഡിപ്പോസിറ്റിന്മേലുള്ള പലിശ വർഷംതോറും വാങ്ങുന്നതിന് ലൈസൻസിക്ക് അനുവാദം നൽകുന്നതുമാണ്. രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതുവരെ ടി സർട്ടിഫിക്കറ്റുകൾ നികുതി നിർണ്ണയാധികാരിതന്നെ സൂക്ഷിക്കുന്നു. നികുതി നിർണ്ണയാധികാരിക്ക് കുടിശ്ശികയോ മറ്റോ വരുത്തിയാൽ അത് ഈടാക്കുന്നതിനും മറ്റു കൃത്രിമങ്ങൾ തടയുന്നതിന് മുൻകരുതൽ എന്ന നിലയിലുമാണ് നികുതി നിർണ്ണയാധികാരി സേവിംഗ്സ് സർട്ടഫിക്കറ്റുകൾ സൂക്ഷിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly